## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2414**

**12.02.2020 ൽ മറുപടിക്ക്**

## ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ:** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) (ബി) (സി) & (ഡി) | ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക് പദ്ധതിയ്ക്കായി 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 11.87 ഏക്കർ ഭൂമി പാർക്കിനുവേണ്ടി ഏറ്റെടുത്ത് ആയത് കെ.എസ്.ഐ.ഡി.സി.യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി തുടർ സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഇതിനകം ഏറ്റെടുത്തത്; എത്ര ഏക്കർ സ്ഥലം കൂടി ഇനി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ കമ്പനികൾ ഇതിനകം താല്പര്യം പ്രകടിപ്പിച്ചുവെന്ന് വെളിപ്പെടുത്താമോ; | | |
| (ഡി) | എന്നത്തേക്ക് പ്രസ്തുത പാർക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**